# മുംബൈ പൂനെ എക്സ്പ്രസ് ഹൈവേ

കഴിഞ്ഞ ലക്കം കേരളീയം കണ്ടപ്പോൾ കേരളത്തിൽ കാത്തിരക്കുന്ന ദുരന്തം പൂനക്കാർക്ക് പറയാതിരിക്കാൻവയ്യ. അപകടങ്ങൾ നിത്യസംഭവമായ മുംബൈ- പൂനെ എക്സ്പ്രസ് ഹൈവേയിൽ നിന്ന് എമർജൻസി മെഡിക്കൽ സേവനം നൽകിയിരുന്ന സംഘങ്ങൾ പിൻവലിഞ്ഞത് എക്സ്പ്രസ് ഹൈവേയിലെ യാത്ര കൂടുതൽ ഗുരുതരമാക്കിയിരിക്കുകയാണ്. കഴിഞ്ഞ ഡിസംബർ മാസം വരെ ഹൈവേയിൽ അത്യാഹിത പരിചരണത്തിനായി മൂന്ന് ഫ്ളോട്ടിങ്ങ് അഡ്വാൻസ്ഡ് കാഷ്വൽട്ടി സെന്ററുകൾ (എഫ് എ സി സി) സ്ഥിരം സാന്നിധ്യമായിരുന്നു. അപകടസ്ഥലത്ത് ഉടൻ തന്നെ വൈദ്യസഹായം എത്തിച്ചുകൊണ്ട് ഈ മൊബൈൽ മെഡിക്കൽ യൂണിറ്റ് ജീവൻ രക്ഷകരാവുമായിരുന്നു. എന്നാൽ ഈ സേവനത്തിനായി മഹാരാഷ്ട്ര സ്റ്റേറ്റ് റോഡ് സർവീസ് കോർപ്പറേഷൻ വാശിയിലെ സ്റ്റെർലിങ് ഹോസ്പിറ്റലിന് നൽകേണ്ട തുകയിൽ പതിനെട്ട് മാസത്തെ കുടിശ്ശിക വരുത്തിയതിനെത്തുടർന്ന് സ്റ്റെർലിങ് സേവനത്തിൽ നിന്ന് പിൻവലിയുകയായിരുന്നു. എക്സ്പ്രസ് ഹൈവേയിലുണ്ടാകാവുന്ന അപകടങ്ങൾ മുന്നിൽക്കണ്ട് കോർപ്പറേഷൻ സ്റ്റെർലിങ് ഹോസ്പിറ്റലുമായി ഉണ്ടാക്കിയ കരാറനുസരിച്ച് മൊബൈൽ അത്യാഹിതശുശ്രൂഷ നൽകുന്നതിന് പ്രതിമാസം 9 ലക്ഷം രൂപ സ്റ്റെർലിങിന് നൽകണം. ഈ തുകയിൽ വരുത്തിയ കുടിശ്ശിക ഒന്നരക്കോടിയായിട്ടും ഡിസംബർ ഒന്നുവരെ സ്റ്റെർലിങ് സേവനം തുടർന്നു.

94 കിലോമീറ്റർ വരുന്ന എക്സ്പ്രസ് ഹൈവേയിൽ പ്രതിവർഷം ശരാശരി നാനൂറ് അപകടങ്ങൾ നടന്നു. ഈ സാഹചര്യത്തിൽ 2002 മെയ്-ലാണ് മൊബൈൽ ശുശ്രൂഷാ വിഭാഗം പ്രവർത്തനം തുടങ്ങുന്നത്. ഈ സംവിധാനം മൂലം അപകടത്തിൽപ്പെട്ട രണ്ടായിരത്തിയഞ്ഞൂറുപേരെയെങ്കിലും ഇതുവരെ രക്ഷിക്കാനായെന്ന് ആശുപത്രി വൃത്തങ്ങൾ അവകാശപ്പെടുന്നു. ശുശ്രൂഷ ലഭ്യമായിരുന്നില്ലെങ്കിൽ ഇതിൽ എണ്ണൂറുപേരെങ്കിലും സംഭവസ്ഥലത്ത് വെച്ചുതന്നെ മരിക്കുമായിരുന്നു. ഈ ജീവൻരക്ഷാവാനുകളിൽ ഒരേസമയം ആറ് പേർക്ക് ശുശ്രൂഷനൽകാനുള്ള സംവിധാനം ഉണ്ടായിരുന്നു. അടിയന്തിരഘട്ടങ്ങളിൽ മാത്രമേ അപകടത്തിൽപ്പെട്ടവരെ അടുത്തുള്ള ആശുപത്രിയിലെത്തിച്ചിരുന്നുള്ളൂ.

സമീപത്തുള്ള രണ്ട് ആശുപത്രികളുടെ ആംബുലൻസ് സർവീസാണ് ഇപ്പോൾ ഉള്ള ഏക ആശ്രയം. ഇതിൽ ഒരാശുപത്രിയുടെ രണ്ട് ആംബുലൻസുകൾ ഹൈവേയിൽ നിലയുറപ്പിച്ചിട്ടുണ്ട്. എങ്കിലും അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിലെത്തിക്കുന്നതിന് മുമ്പ് നിർണ്ണായകവും അപകടകരവുമായ പലതും സംഭവിച്ചുകഴിഞ്ഞിരിക്കും. എക്സ്പ്രസ്ഹൈവേയിലെ അപകടങ്ങൾക്ക് ഇപ്പോഴും കുറവൊന്നുമില്ല. അപകടങ്ങളും അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെയും എണ്ണം ആരും അറിയാതെപോവുന്നുവെന്ന് മാത്രം.

*മധുമിത നന്ദി, സൺഡെ മിഡ്ഡെ, മുംബയ്*

## ശ്രീനി പട്ടത്താനത്തിനെ രക്ഷിക്കുക

അമൃതാനന്ദമയിയെപ്പറ്റി വിവാദ ഗ്രന്ഥമെഴുതിയ ശ്രീനി പട്ടത്താനത്തിനെതിരെ നടക്കുന്ന പീഡനങ്ങൾക്കെതിരെ നാഷണൽ ഡിഫൻസ് കമ്മിറ്റി രൂപവൽക്കരിച്ചു. സർക്കാർ ശ്രീനി പട്ടത്താനത്തോടു കാട്ടുന്ന മനുഷ്യത്വ രഹിതമായ പ്രവർത്തനങ്ങളെ വേദി അപലപിച്ചു. ഈ വിഷയത്തിൽ സമാന ചിന്താഗതിക്കാരുടെ കൂട്ടായ്മ വളർത്തിയെടുക്കാൻ പി.യു.സി.എല്ലിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട നാഷണൽ ഡിഫൻസ് കമ്മിറ്റി ആഹ്വാനം ചെയ്തു.

'അമൃതാനന്ദമയി ദിവ്യ കഥകളും യാഥാർത്ഥ്യവും' എന്ന പുസ്തകത്തിനെതിരെ കേസ് ഫയൽ ചെയ്ത അഡ്വ: ടി. കെ. അജൻ പ്രധാനമായും രണ്ട് ആരോപണങ്ങളാണ് ഉന്നയിക്കുന്നത്. ഒന്നാമത്തേത് ഗ്രന്ഥകർത്താവ് മനഃപൂർവ്വം അമ്മയുടെ ഭക്തരുടെ മതവികാരങ്ങളെ വ്രണപ്പെടുത്താൻ ശ്രമിച്ചു. രണ്ടാമത്തേത് പുസ്തകം വഴിയുള്ള നുണ പ്രചാരണത്തിലൂടെ ഗ്രന്ഥകാരൻ അവിഹിതമായി ധനവും ഖ്യാതിയും സമ്പാദിച്ചു. എന്നാൽ ഈ രണ്ട് ആരോപണങ്ങളും തെറ്റാണെന്ന് സമർത്ഥിക്കുകയാണ് നാഷണൽ ഡിഫൻസ് കമ്മിറ്റി പ്രവർത്തകർ. ഇന്ത്യൻ ഭരണഘടന പ്രകാരം അമൃതാനന്ദമയിയുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് ഒരു 'മത'വും നിലവിലില്ല. ആയതിനാൽ ആദ്യ ആരോപണം തെറ്റാണ്. ഇന്ത്യൻ ഭരണഘടന പ്രകാരം പുസ്തകങ്ങൾ അച്ചടിക്കുന്നതും പ്രചരിപ്പിക്കുന്നതും തെറ്റല്ല. ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള അനുവാദം ഓരോ ഇന്ത്യൻ പൗരനും

## പൊന്മല - പൊതുയോഗം

സുഹൃത്തേ,

അയൽക്കാരന് എന്തു സംഭവിച്ചാലും തനിക്കു കുഴപ്പമില്ലെങ്കിൽ യാതൊന്നും ബാധിക്കാത്ത കാലമാണിത്. മറ്റുള്ളവരെക്കുറിച്ചും ഭാവിയെക്കുറിച്ചും വേവലാതിയോ പരിഗണനയോ ഇല്ലല്ലോ ? എല്ലാ രംഗത്തും ഈ പ്രവണത കൂടിക്കൂടി വരികയുമാണ്. ഓരോരുത്തർക്കും ഓരോ ആവശ്യം. താല്പര്യം നിറവേറ്റപ്പെടുമ്പോൾ മറ്റുള്ളവർക്ക് ദോഷമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാറില്ലല്ലോ!

പൊന്മല കഴിയാറായി. അടിയിലെ മണ്ണുമാന്തി, പത്തിരുപതടി താഴ്ചയിലാകുമ്പോൾ മേൽമണ്ണ് കാലക്രമത്തിൽ ഇടിഞ്ഞു വീഴും. ഇരുപുറത്തുമുള്ളവർ വീണ്ടും താഴ്ത്താൻ പ്രേരിപ്പിക്കപ്പെടുകയും ചെയ്യും. ഇന്നും ഇന്നലേയുമല്ല. വർഷങ്ങളായി പല പേരിലും പല ആളുകളും ചെയ്തുപോരുന്നതാണിത്. അങ്ങനെ കുന്ന് അവസാനിക്കാറായി.

ഏതെങ്കിലും പറമ്പുകാരൻ സമീപഭാവിയിൽ ഉണ്ടാകാവുന്ന ഗുരുതര പ്രശ്നങ്ങളെക്കുറിച്ചു ചിന്തിക്കാറുണ്ടോ ? ആരും പറയാനില്ല, ചോദിക്കാനില്ല. നിയമപരമായി പരിരക്ഷയില്ലാത്തതിനാൽ പറഞ്ഞിട്ടോ പ്രതികരിച്ചിട്ടോ കാര്യവുമില്ല. പരസ്പരം കുറ്റപ്പെടുത്തലുകളും പഴിചാരലുകളും മാത്രം. പറഞ്ഞിട്ടു കാര്യമില്ലെന്നു തോന്നുമ്പോൾ സ്വയം പിൻമടങ്ങുന്നു. ഫലമോ ? കുന്നിൻമുകൾ മുതൽ പാതാളം വരെ തനിക്കു സ്വന്തമാണല്ലോ!

ജെ.സി.ബി. ക്കു ബുദ്ധിയില്ല. മനുഷ്യർ യന്ത്രമല്ലല്ലോ? അല്പം കൂടി ചിന്തിക്കേണ്ടതല്ലേ ?

പൊന്മലയെക്കുറിച്ച്, അമ്പലത്തെക്കുറിച്ച്, മണ്ണെടുക്കുന്ന പ്രശ്നത്തെക്കുറിച്ച്, തൊട്ടടുത്ത പറമ്പുകാരനെക്കുറിച്ച് എല്ലാം ചിന്തിച്ചു ചർച്ച ചെയ്യുന്നതിനു വേണ്ടി നാട്ടുകാരുടെ പൊതുയോഗം വിളിച്ചു ചേർക്കുന്നു. ക്ഷേത്രപരിസരത്തു വെച്ചു കൂടുന്ന യോഗത്തിൽ താങ്കൾ പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു. വരൂ നമുക്കൊരുമിച്ച് നന്മയ്ക്കുവേണ്ടി ആലോചിക്കാം. *ഒരു നോട്ടീസിൽനിന്ന്*

ഭരണഘടന അനുവദിച്ചു തന്നിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ ഈ കേസിലൂടെ ഗ്രന്ഥകാരന്റെ സത്യസന്ധതയും അന്വേഷണാത്മകതയും ചോദ്യം ചെയ്യപ്പെടുകയാണ്. ഇതിന് സർക്കാരും രാഷ്ട്രീയക്കാരും കൂട്ടുനിൽക്കുകയും ചെയ്യുന്നു.

*പി.യു.സി.എൽ. സംസ്ഥാനകമ്മിറ്റി*
*അഡ്വ. പൗരൻ, വി.വേണുഗോപാൽ,*
*ജേക്കബ് വി. ലാസർ (ഫോ: 98472 97466)*

## കുടിവെള്ളം-ഇങ്ങനെയും ഒരു കാലം

ഇന്നത്തെ പത്രത്തോടൊപ്പം വന്ന നോട്ടീസ് (കുടിവെള്ളം) കണ്ടപ്പോൾ വേദന തോന്നി. നമ്മുടെ നാടിന്റെ ഗതി എന്തായിരിക്കുന്നു. കുപ്പിവെള്ളം എപ്പോഴെങ്കിലും വാങ്ങേണ്ടിവന്നാൽ സമാധാനിക്കാമായിരുന്നു. അത് കൊണ്ടുനടക്കാനുള്ള സൗകര്യമെങ്കിലും ഉണ്ടെന്ന് ..... വീടിന്റെ മുകളിൽ വരെ എത്തിച്ചുതരുമെന്ന പ്രലോഭനവുമുണ്ട് പരസ്യത്തിൽ .... ഇത്തരമൊരവസ്ഥയ്ക്ക് നാം കൂടി ഉത്തരവാദികളാണല്ലോ. "പല തുള്ളി പെരുവെള്ളം" സമാഹരണത്തിൽ മാത്രമല്ല, ഇല്ലാതാക്കലിലും അതുതന്നെയാണ് ഫലം. ഈ നോട്ടീസ് തൃശൂരിൽ കുറെപേർക്കെങ്കിലും കിട്ടിക്കാണും. അത് കണ്ടപ്പോൾ എത്രപേർ വേദനിച്ചുകാണും. 50 ശതമാനത്തിലേറെയാണെങ്കിൽ ഇനിയും




നമ്മുടെ നാടിനെക്കുറിച്ച് പ്രതീക്ഷ നശിക്കേണ്ടതില്ല എന്ന് വിശ്വസിക്കാം........ തെറ്റ് ചെയ്തതോ കഴിഞ്ഞുപോയി. തിരുത്താൻ ഇനിയുള്ള അവസരം വിനിയോഗിക്കാം.

*എസ്. അമീർ, തൃശൂർ - 12*

## വിവാഹ മംഗളാശംസകൾ



ഏപ്രിൽ 25ന് വിവാഹിതരാവുന്ന ബവിതക്കും ജയൻ പി.എം. നും (ഓർക്കാട്ടേരി) ജീവിത വിജയാശംസകൾ നേരുന്നു.

*സുഹൃത്തുക്കൾ/*
*സഹപ്രവർത്തകർ*

# കേരളീയം

## അടുത്ത ലക്കം തെരഞ്ഞെടുപ്പ് പ്രത്യേക പതിപ്പ്

**പ്രതീക്ഷിക്കുക....**

ജനകീയ അജണ്ട/പ്രകടനപത്രിക, സ്ഥാനാർത്ഥികളോടും രാഷ്ട്രീയ പാർട്ടികളോടും ജനങ്ങൾക്ക് പറയാനുള്ളത്, അടിസ്ഥാനതല രാഷ്ട്രീയം ഉയർത്തേണ്ടത്, .........

നമുക്ക് തിരഞ്ഞെടുക്കാൻ മെച്ചപ്പെട്ട മറ്റൊരു ലോകം നിർമ്മിക്കാൻ എന്തൊക്കെ വേണമെന്ന് ? - വായനക്കാരിൽ നിന്ന് പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു. ഏപ്രിൽ 30 നകം എഴുതുമല്ലോ ... പ്രതീക്ഷയോടെ,

പത്രാധിപർ, കേരളീയം, തൃശൂർ - 21. ഫോൺ - 2991016.

# കണ്ടൽ നടീൽ ഉദ്ഘാടനവും പ്രകൃതി സംരക്ഷണ ക്യാമ്പും



ഭാരതപ്പുഴയിലെ പുറത്തൂർ ഭാഗത്തെ തുരുത്തുകളിൽ കണ്ടൽ വെച്ചു പിടിപ്പിക്കുന്നതിന്റെ ഉദ്ഘാടനം പ്രശസ്ത കണ്ടൽവന സംരക്ഷകനായ കല്ലേൻ പൊക്കുടൻ ഏപ്രിൽ 25 ഉച്ചതിരിഞ്ഞ് 3 ന് നടത്തും.

ഇതിനോടനുബന്ധിച്ച് പ്രകൃതി സ്നേഹികളുടെ കൂട്ടായ്മയും സംഘടിപ്പിക്കുന്നു. പൊന്നാനി ഹാർബറിന്റെ പ്രവർത്തനം ആരംഭിക്കുന്നതോടെ നശിപ്പിക്കപ്പെടുന്ന കണ്ടൽ കാടുകളെപ്പറ്റിയും മറ്റു പാരിസ്ഥിതിക വിഷയങ്ങൾ ചർച്ച ചെയ്യാനുദ്ദേശിക്കുന്നതാണ് ഈ കൂട്ടായ്മ. ഉദയാ ക്ലബ്ബ് പൊന്നാനി, പുറത്തൂർ നാച്വർ ക്ലബ്ബ്, വെറ്റ്ലാന്റ് നാച്വർ ക്ലബ്ബ്, എരമംഗലം എന്നീ സംഘങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഈ കൂട്ടായ്മയിലേക്ക് നാച്വർ ക്ലബ്ബ് ഭാരവാഹികളെയും പ്രകൃതി സ്നേഹികളെയും ക്ഷണിക്കുന്നു.

*ബന്ധപ്പെടുക - അശോകൻ മാഷ്*
*0494 2671765*



## "നോക്കി" കാണുന്നവരോട് ഒരു വിയോജനക്കുറിപ്പ്

കേരളീയത്തിന്റെ 76-ാം ലക്കം തുറന്ന കത്ത്. എക്സ്പ്രസ് ഹൈവേ എന്നത് കേരളത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേ അറ്റം വരെ നെടുകെ പിളർത്തികൊണ്ട് ഒരു സ്കെയിൽവെച്ച് വരച്ച വരപോലെ ഒരു രാജകീയ പാതയാണെന്ന് വ്യക്തമായി കഴിഞ്ഞതാണ്. ഇതാർക്കുവേണ്ടി എന്തിനുവേണ്ടി എന്നത് ഒരു വശം. മറുവശം ഈ പാത നിർമ്മാണത്തിന് കേരളം പോലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളുള്ള ഒരു സംസ്ഥാനത്തിൽ ആയിരക്കണക്കിന് കൃഷിഭൂമിയും തോട്ടങ്ങളും ഉൾപ്പെടുന്ന 4028 ഹെക്ടർ ഭൂമി ആവശ്യമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഭീമമായ അളവിൽ പാറയും മണ്ണും ആവശ്യമുണ്ട് ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ഒട്ടനവധി കുടുംബങ്ങൾ ആയതുകൊണ്ടുതന്നെ കുടിയൊഴിപ്പിക്കപ്പെടും. ഇത്തരം പാരിസ്ഥിതിക ആഘാതങ്ങളും സാങ്കേതിക പ്രശ്നങ്ങളുള്ള പദ്ധതി ആരുടെ സ്വപ്നമായാലും പരിഷത്ത് പോലുള്ള ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനത്തിന് അനുവദിച്ച കൊടുക്കാൻ കഴിയില്ല. ഒരു സംശയവും ബാക്കി തീർക്കാതെ തന്നെ പറയുന്നു ഈ പദ്ധതി ഉപേക്ഷിക്കും വരെ പരിഷത്ത് അതിനെതിരായിട്ടുണ്ട്.

ഒരു പ്രശ്നത്തെ ശാസ്ത്രസാഹിത്യ പരിഷത്ത് സമീപിക്കുന്നത് കേവലം ആവേശത്തിന്റെയോ വികാരത്തിന്റെയോ പുറത്തല്ല. അതിനെ കാര്യകാരണ ബോധത്തോടെ പഠിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുക എന്ന പ്രായോഗിക തലത്തിലാണ്. ഇത്തരം പ്രശ്നങ്ങളിൽ പരിഷത്ത് ഇവരെ അതിബുദ്ധിയോ അജ്ഞതയോ കാണിച്ചിട്ടില്ല എന്നത് പരിഷത്ത് പ്രവർത്തനങ്ങളെ "നോക്കി" കാണുന്നവർക്കേ അറിയാത്തതായി ഉണ്ടാവുകയുള്ളൂ ആഗോള നിക്ഷേപക സമ്മേളനത്തിൽ ഉയർന്നുവന്ന പദ്ധതികളിൽ കേരളത്തിന്റെ നെഞ്ചുപിളർക്കുന്ന ഈ സ്വപ്ന പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ടത് കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കണ്ണൂർ വാർഷികമാണ്. കണ്ടറിയാൻ താത്പര്യമില്ലാത്ത സർക്കാർ കൊണ്ടേ അറിയൂ എന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചപ്പോൾ കൊണ്ടറിഞ്ഞ് മാത്രം ശീലമുള്ള പുതിയ സമൂഹത്തിന്റെ ഉയർച്ചക്കായി ചില ചോദ്യങ്ങൾ ചോദിച്ചതും ചില ഉത്തരങ്ങൾ തേടിയതുമാണ് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ തീരാപരാധമെങ്കിൽ, ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്ന രീതിയിലുള്ള പത്രവാർത്തകളെ ഉദ്ദരിച്ച് കൊണ്ട് എഴുതുന്നതിന് മറുപടി പോലും അർഹിക്കുന്നില്ല. ജനഹിതമല്ലാത്ത പ്രോജക്ടുകൾ മാത്രം കേരളത്തിൽ അടിച്ചേൽപ്പിക്കുന്ന സർക്കാരുകൾക്കിടയിൽനിന്ന്, വിഷയത്തിന്റെ അളവ് കണക്കാക്കി മുതൽമുടക്കിയവന്റെ കണ്ണീരുമാത്രം കാണുകയും ചൂതാട്ട കേന്ദ്രങ്ങൾ തഴച്ച് വളർന്ന് സംഹാരതാണ്ഡവമാടിയപ്പോൾ മാത്രം കണ്ണു തുറന്നവരിൽനിന്നും എന്താണ് പ്രതീക്ഷിക്കുക വിഷമമല്ലെന്നു തെളിഞ്ഞാൽ മാത്രമെ കുടിക്കാതിരിക്കുകയുള്ളൂ എന്ന് സ്വബോധം നശിച്ച് വാശി പിടിക്കുന്നവർ എക്സ്പ്രസ്സ് ഹൈവേയും വരട്ടെ നോക്കാം എന്ന് പറയില്ല എന്ന് എന്താണുറപ്പ്. ഇത്തരമൊരു സാഹചര്യത്തിൽ വിവരങ്ങൾ ശേഖരിച്ച് അത് പൊതു ജനങ്ങളെ ബോധ്യപ്പെടുത്തിയല്ലാതെ എങ്ങനെ ഈ ഉറങ്ങി കിടക്കുന്ന സമൂഹത്തെ ഉണർത്തും. ഒരു ജനകീയ ശാസ്ത്രപ്രസ്ഥാനമെന്ന നിലയിൽ പരിഷത്ത് ഇത്രയെ ചെയ്തിട്ടുള്ളൂ. ഇങ്ങനെ തന്നെ ചെയ്യുകയുമുള്ളൂ.

*ഷിജിത്ത് വടക്കുംഞ്ചേരി*
*കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്*
*തൃപ്രയാർ മേഖലാ പ്രസിഡണ്ട്*

## എവിടെ തമ്മിൽഭേദം തൊമ്മൻ?

കഴിഞ്ഞ ലക്കം കേരളീയത്തിൽ "നമ്മളുടെ വോട്ട് ജലത്തിനും ജീവനും" എന്നാണല്ലോ സി.ആർ. നീലകണ്ഠൻ (ഗസ്റ്റ് എഡിറ്റർ) എഴുതിയത്. കേരളീയം പോലുള്ള പ്രസിദ്ധീകരണത്തിൽ ഇങ്ങനെ- "ഈ വരൾച്ചയ്ക്കൊരു രാഷ്ട്രീയമുണ്ടോ? ഇല്ലെന്നാവും നേതാക്കൾ പറയുക. പക്ഷെ സമൂഹത്തെ ബാധിക്കുന്ന ഏറ്റവും ഗുരുതരമായ ഈ പ്രശ്നത്തിൽ നിലപാടെടുക്കാതെ വോട്ടു ചെയ്യുന്നതെന്തിനെന്ന് നാം ആലോചിക്കുമോ? 'ഇന്ത്യ തിളങ്ങുന്നു' തുടങ്ങിയ കൺകെട്ടുകളിലും ഗ്രൂപ്പു വഴക്കിലും അഴിമതിയിലും 'പേയ്മെന്റ് സീറ്റിലും' ഉടക്കി നിൽക്കണോ നാം?" അതിനർത്ഥം ഇടതുപക്ഷത്തിന് വോട്ടു ചെയ്യണമെന്നാണോ? എന്തർത്ഥത്തിലാണ് ഇവിടെ ഇടതുപക്ഷം? വിഭവത്തിന്റെ കാര്യത്തിൽ, (മണ്ണ്, വായു, വെള്ളം, വ്യവസായം,.......) എന്ത് വ്യത്യസ്ത മാതൃകയാണ്, പ്രതീക്ഷയാണ് നല്കിയിട്ടുള്ളത്. ഇവരെങ്ങനെ ഭരണത്തിലെത്തിയാൽ തമ്മിൽ ഭേദപ്പെട്ട തൊമ്മനാകും? മറുപടി പ്രതീക്ഷിക്കുന്നു.

*യാക്കോബ്, അന്നമനട*

## നമ്മുടെ വോട്ട് ജലത്തിനും ജീവനും

കേരളീയം ഫെബ്രുവരി മാർച്ച് ലക്കത്തിലെ സി.ആർ. നീലകണ്ഠന്റെ ഈ ആമുഖ ലേഖനം ചിന്തനീയമാണ്. "വികസനം" എന്ന രാഷ്ട്രീയക്കാരുടെ കാഴ്ചപ്പാടിന്റെ പേരിൽ കേരളം എങ്ങിനെ പിന്നോട്ട് പോയി എന്ന് ലേഖനം വിവരിക്കുന്നു.

രാജാക്കന്മാരുടെ കാലഘട്ടത്തിൽ കേരളത്തിലുടനീളമുള്ള എത്രയെത്ര വിശാലമായ കുളങ്ങളാണ് വികസനമോഹികൾ നികത്തി കെട്ടിടം വെച്ചത്.

ആലുവ പാലത്തിന് സമീപമുള്ള പ്രിയദർശിനി ടൗൺഹാൾ നിൽക്കുന്നത് ഒരു വലിയ കുളം നികത്തിയ സ്ഥലത്താണ്.

5 ഏക്കർ വലുപ്പമുള്ള കുളം നികത്തിയാണ് കൊടുങ്ങല്ലൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് തീർത്തിരിക്കുന്നത്. ഒല്ലൂർ ടൗൺഹാൾ സ്ഥിതി ചെയ്യുന്നതും കുളത്തിന് മീതെതന്നെ. തലോർ പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് മുമ്പൊരു നല്ലൊരു കുളമായിരുന്നു. ഇപ്പോൾ ഇരിങ്ങാലക്കുട ഠാണാവിൽ തൃശൂർ റോഡിൽ ഒരു വൻ കെട്ടിട സമുച്ചയം വരുന്നു. മുമ്പിവിടെ ഒരു വറ്റാത്ത കുളമായിരുന്ന സ്ഥലം നികത്തിയാണ് ഈ 'വികസനം' സാദ്ധ്യമാക്കുന്നത്. ഗ്രാമ പ്രദേശങ്ങളിലുടനീളം പൊതുകിണറുകളും കുളങ്ങളും 'വികസന'മോഹികൾ ഷോപ്പിംഗ് ഏരിയാകളും ബസ്സ്റ്റോപ്പും ആക്കി മാറ്റിക്കഴിഞ്ഞു. ബാക്കിയുള്ളവയിന്മേൽ നോട്ടമിട്ടിരിക്കുകയാണ്.

പാടങ്ങളൊക്കെ നികത്തുന്നതിനെതിരെ ശക്തമായ നിയമങ്ങളുണ്ട്. എന്നാൽ കേരളത്തിലുടനീളം പാടങ്ങൾ പറമ്പുകളാക്കി കൊണ്ടിരിക്കുന്നു. നിയമങ്ങൾ പാലിക്കാൻ ഉത്തരവാദിത്വപ്പെട്ടവർ എവിടെ ? നികത്തുവാൻ ബുദ്ധിമുട്ടുള്ള അതിവിശാലമായ പാടങ്ങൾ ഉള്ളിടത്ത് 'വികസന' മോഹികൾ ഫാം റോഡ് എന്നൊരു സ്കീം തന്നെ സൃഷ്ടിച്ച് ഇവക്കിടയിലൂടെ റോഡ് വെട്ടുന്നു. തുടർന്ന് പാടം പറമ്പാക്കുവാൻ എന്തെളുപ്പം ? ആർ അറുതി വരുത്തും ?

*വി.കെ. കാസിം, ഫാസ്പാഡി*

വൃദ്ധജന പരിചരണത്തിനും ആരോഗ്യ വിജ്ഞാന വ്യാപനത്തിനും ഒരു സ്ത്രീശക്തി സംരംഭം

**മേധ ജെറിയാട്രിക് കെയർ ആന്റ് ഹെൽത്ത് ഇൻഫർമേഷൻ സെന്റർ**

പുത്തിശ്ശേരി, പുറനാട്ടുകര,
തൃശൂർ-680 551. ഫോൺ : 2306617